സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം

dtekerala@gmail.com

04712561307

നടപടിക്രമം

സാങ്കേതിക -വിദ്യാഭ്യാസം - ജീവനക്കാര്യം ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിൽ നിന്നും പോളിമർ ടെക്നോളജി വിഭാഗം വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ / ഡെമോൺസ്ട്രേറ്റർ / ഇൻസ്ട്രക്ടർ ഗ്രേഡ് 11 ഡ്രാഫ്ട്ട്സ്മാൻ ഗ്രേഡ് 11 എന്നീ തസ്തികയിലേക്ക് തസ്തികമാറ്റം വഴി നിയമനം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ജീവനകാര്യം (ബി) വിഭാഗം

DTETVM/976/2025-EB4 (EB 23-09-2025

---

വായന :-

(1) 12/10/2012 തിയതിയിലെ ജിഒ(പി) 503/2012/എച്ച്.ഇഡിഎൻ നമ്പർ സർക്കാർ ഉത്തരവ്.

(2) 20/01/2016 തിയതിയിലെ ജി ഒ (പി) 7/2016/ഫിൻ നമ്പർ സർക്കാർ ഉത്തരവ്.

(3) 06-03-2025 തീയതിയിലെ DTETVM/8432/2024-EG3 (EG)നമ്പർ ഉത്തരവ്.

**ഉത്തരവ്**

ഈ വകുപ്പിലെ വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ / ഡെമോൺസ്ട്രേറ്റർ / ഇൻസ്ട്രക്ടർ ഗ്രേഡ് II /ഡ്രാഫ്ട്ട്സ്മാൻ ഗ്രേഡ് 11 എന്നീ തസ്തികകളിലെ ഒഴിവുകളിലേക്ക്, ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിൽ നിന്നുള്ള തസ്തികമാറ്റ നിയമനത്തിനും നേരിട്ടുള്ള നിയമനത്തിനും 1:1 അനുപാതം സൂചന (1) സർക്കാർ ഉത്തരവ് പ്രകാരമുള്ള സ്പെഷൽ റൂളിൽ നിഷ്കർഷിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ തസ്തികമാറ്റ നിയമനത്തിനായി സൂചന (3) പ്രകാരം പ്രസിദ്ധീകരിക്കപ്പെട്ട ട്രേഡ് ഇൻസ്ട്രക്ടർമാരുടെ സംയോജിത മുൻഗണനാ പട്ടികയിൽ പോളിമർ ടെക്നോളജി വിഭാഗത്തിൽ നിന്നും താഴെ പറയുന്ന ഉദ്യോഗസ്ഥനെ അവരുടെ പേരിന് നേരെ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥാപനത്തിൽ പോളിമർ ടെക്നോളജി വിഭാഗം വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ /ഡെമോൺസ്ട്രേറ്റർ / ഇൻസ്ട്രക്ടർ ഗ്രേഡ് II / ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II എന്നീ തസ്തികകളിലെ തുറന്ന ഒഴിവിലേക്ക് ₹41300-87000/- രൂപ ശമ്പള നിരക്കിൽ, കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ്, 1958 റൂൾ 28 [(ബി)(ii)) പ്രകാരം തസ്തികമാറ്റം വഴി നിയമനം നല്കി കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം | ഉദ്യോഗസ്ഥരുടെ പേരും ജോലിചെയ്യുന്ന സ്ഥാപനവും | തസ്തിക മാറ്റ നിയമനം നല്കുന്ന സ്ഥാപനം |
|---|---|---|
| 1 | അജീഷ് എം എസ് (PEN 455363), ട്രേഡ് ഇൻസ്ട്രക്ടർ ( പോളിമർ ടെക്നോളജി ), ജി പി ടി സി ,കോട്ടയം | സർക്കാർ പോളിടെക്നിക് കോളേജ്. കോട്ടയം |

സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരൻ ഏതെങ്കിലും കാരണത്താൽ അയോഗ്യരാണെന്ന് കണ്ടെത്തുകയോ, ഒഴിവില്ലാത്ത സാഹചര്യം ഉണ്ടാകുകയോ ചെയ്താൽ സ്ഥാനക്കയറ്റം റദ്ദാക്കപ്പെടുന്നതായിരിക്കും. തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ രണ്ട് വർഷത്തെ യഥാർത്ഥ സേവനം ടി ഉദ്യോഗസ്ഥൻ നിരീക്ഷണ കാലയളവായി പൂർത്തീകരിക്കേണ്ടതാണ്. തസ്തികമാറ്റം ലഭിച്ചിട്ടുള്ള ജീവനക്കാരനെ ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതാണ്. വിടുതൽ/ചേരും കാലം യഥാസമയം ഈ ഓഫീസിൽ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

ANI ABRAHAM

SENIOR JOINT DIRECTOR (PS)

1) ബന്ധപ്പെട്ട സ്ഥാപന മേധാവി (ഔദ്യോഗിക വെബ്സൈറ്റ് മുഖേന)
2) ബന്ധപ്പെട്ട ഉദ്യോഗസ്ഥർ
3) ഇ ബി 2 സെക്ഷൻ
4) ഓഫീസ് പകർപ്പ്

Signed by Ani Abraham
Date: 23-09-2025 10:29:24